# പതിനാലാം കേരള നിയമസഭ
## നാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ 01/03/2017-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ 887

## ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു. പ്രതിഭാ ഹരി<br>ശ്രീ.വി. ജോയി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി: ഈ പദ്ധതി പ്രകാരം താഴെ പറയുന്നവയ്ക്ക് കർഷകർക്ക് ധനസഹായം നൽകിവരുന്നു. |

| ക്രമ നം. | പദ്ധതി | സബ്സിഡി |
|---|---|---|
| 1 | ഗോദാനം(1 പശു യൂണിറ്റ്) | 32000 |
| 2 | 2 പശു യൂണിറ്റ് | 64000 |
| 3 | 5 പശു യൂണിറ്റ് | 175000 |
| 4 | 10 പശു യൂണിറ്റ് | 350000 |
| 5 | 5 കിടാരി യൂണിറ്റ് | 90000 |
| 6 | 10 കിടാരി യൂണിറ്റ് | 181200 |
| 7 | ആവശ്യാധിഷ്ഠിത ധനസഹായം | 50000 |
| 8 | കറവയന്ത്രം | 25000 |
| 9 | തൊഴുത്ത് നിർമ്മാണം | 50000 |

2.തീറ്റപ്പുൽകൃഷി പദ്ധതി: ഇതിന്റെ ഭാഗമായി 20 സെന്റിൽ കൂടുതൽ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് പുൽക്കടകൾക്ക് പുറമെ ഹെക്ടറിന് 12,500 രൂപ ധനസഹായം നൽകുന്നു.

അഞ്ചോ അതിൽ കൂടുതലോ സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് ഗോപാലിക പദ്ധതി പ്രകാരം ഒരു ഏക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് 75,000 രൂപയുടെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് ചോളം, അസോള, വൻപയർ എന്നിവ കൃഷി ചെയ്യുന്നതിനും ജലസേചന സൗകര്യം ഉണ്ടാക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

3. കാലിത്തീറ്റ സബ്സിഡി പദ്ധതി: ഇതിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

ക്ഷീരകർഷകർക്കുള്ള ക്ഷേമനിധി ബോർഡ് മുഖാന്തിരമുള്ള വിവിധ ക്ഷേമപദ്ധതികൾ:

1. പ്രതിമാസം 500/- രൂപ പെൻഷൻ
2. മരണപ്പെട്ട പെൻഷണർമാരുടെ നോമിനിയ്ക്ക് 150/- രൂപ പ്രതിമാസ കുടുംബപെൻഷൻ
3. മരണാന്തര ചെലവുകൾക്കായി 3000/- രൂപ ധനസഹായം
4. ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 5,000/- രൂപ വിദ്യാഭ്യാസ ധനസഹായമായി

| | | |
|---|---|---|
| | | അംഗങ്ങളുടെ മക്കൾക്ക് 1000/- രൂപ (SSLC) 1500/- രൂപ (+2) 2000/- രൂപ ബിരുദം, 2,500/- രൂപ (പ്രൊഫഷണൽ കോഴ്സ്) എന്ന് ക്രമത്തിൽ നൽകിവരുന്നു.<br>5. ചികിത്സാ ധനസഹായമായി പരമാവധി 15,000/- രൂപവരെയും അപകട മരണം സംഭവിക്കുന്ന അംഗങ്ങളുടെ നോമിനികൾക്ക് 50,000/- രൂപയുടെ ധനസഹായം നൽകി വരുന്നു. |
| (ബി) | ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ | ഇതു സംബന്ധിച്ച ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | കടുത്ത വരൾച്ച കൊണ്ട് വയ്ക്കോൽ ഉൾപ്പടെയുള്ള തീറ്റയുടെ ദൗർലഭ്യവും വിലക്കയറ്റവും കാരണം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) നടപ്പുവർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ബാങ്ക് വായ്പയെടുത്തു വാങ്ങിയ പശുക്കൾ ചത്തുപോയതുമൂലമോ, ഉല്പാദനം കുറഞ്ഞതുമൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ ചത്തുപോയതുമൂലമോ, ഉല്പാദനം കുറഞ്ഞതുമൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഏപ്രിൽ 1 മുതൽ നടപ്പിലാക്കത്തക്ക രീതിയിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ